\

**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 107

31.10.2019 ൽ
മറുപടിയ്ക്ക്

**ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ.രാജൻ<br>ശ്രീമതി.സി.കെ.ആശ | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ലാൻഡ് ട്രൈബ്യൂണലുകളിൽ അവലംബിച്ച് പോരുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ലാൻഡ് ട്രൈബ്യൂണലുകളിൽ അവലംബിച്ച് വന്നിരുന്ന നടപടികൾ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് സുതാര്യമാക്കാൻ ധാരാളം നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>1.അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ)യ്ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂൽ സ്ഥാപിക്കുകയുണ്ടായി.<br>2.സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.<br>3.ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്ന് വിജ്ഞാപനം ചെയ്യുകയുണ്ടായി.<br>4.1976-ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിൽ ഉള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ വിജ്ഞാപനം ചെയ്യുകയുണ്ടായി. |

5. ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകി.

6. ജന്മിമാർക്ക് നോട്ടീസ് നൽകുന്നതുമായി ബന്ധപ്പെട്ട് നോട്ടീസ് കൈപ്പറ്റാത്ത കേസുകളിൽ പബ്ലിക് നോട്ടീസ് പ്രദർശിപ്പിച്ച് നടപടി തുടരാനും ജന്മിമാർ contest ചെയ്യാത്ത കേസുകളിൽ എക്സ് പാർട്ടി ആയി വിധി പ്രസ്താവിക്കാനും സംവിധാനം ഒരുക്കി.

7. കേരളത്തിലുണ്ടായിരുന്ന 300 ഓളം ലാൻഡ് ട്രൈബ്യൂണലുകളിലെ കേസ് റിക്കാർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി, ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ് മോഡണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചു.

| | |
|---|---|
| (ബി) സംസ്ഥാനത്ത് നിലവിലുള്ള വിവിധ ലാൻഡ് ട്രൈബ്യൂണലുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | (ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നിലവിലുണ്ടായിരുന്ന ലാൻഡ് ട്രിബ്യൂണലുകളിലെ കേസുകൾ 500 ൽ താഴെയായി കുറയ്ക്കാൻ കഴിഞ്ഞതിനെ തുടർന്ന പ്രസ്തുത ലാൻഡ് ട്രിബ്യൂണലുകളെ കൂടുതൽ കേസ്സുകൾ നിലവിലുണ്ടായിരുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലേക്ക് മാറ്റി പുതിയ ട്രിബ്യൂണലുകൾ ആയി രൂപീകരിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ബാക്കിയുണ്ടായിരുന്ന നാമമാത്രമായ കേസുകൾ തീർപ്പാക്കാൻ പ്രസ്തുത ജില്ലകളിലെ എല്ലാ താലൂക്ക് തഹസിൽദാർമാർക്കും എൽ.റ്റി-യുടെ അധിക ചുമതല കൂടി നൽകിയിട്ടുണ്ട്. ഈയിനത്തിൽ 34 ലാൻഡ് ട്രൈബ്യൂണലുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകൾ ഒഴികെ മറ്റ് ജില്ലകളിലായി 17 ലാൻഡ് ട്രൈബ്യൂണലുകൾ നിലവിലുണ്ട്. ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാൻ ശേഷിക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, |

കോഴിക്കോട് ജില്ലകളിലായി 15 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ ആദിവാസികളുമായി ബന്ധപ്പെട്ട പട്ടയ പ്രശ്നങ്ങൾ പ്രത്യേകമായി പരിഹരിക്കാൻ അട്ടപ്പാടിയിൽ സ്പെഷ്യൽ എൽ.റ്റി ഓഫീസ് അനുവദിച്ചിട്ടുണ്ട്. ദേവസ്വങ്ങൾ ജന്മികളായിവരുന്ന പട്ടയ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എൽ.ആർ ഡെപ്യൂട്ടി കളക്ടർ പ്രിസൈഡിംഗ് ഓഫീസറായ 16 ദേവസ്വം എൽ.റ്റി കളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

(സി) ലാൻഡ് ട്രൈബ്യൂണലുകളിലെ കേസുകളെ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർമാർക്ക് അധികാരമുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലുകളിലേക്ക് റിപ്പോർട്ട് സമർപ്പിക്കാൻ അധികാരമുള്ള ഓഫീസർമാരാക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം നിരീക്ഷിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

(ഡി) 1.അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.

2.സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.

3.ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് വിജ്ഞാപനം ചെയ്യുകയുണ്ടായി.

4.ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.

5.ജന്മിമാർ നോട്ടീസ് കൈപ്പറ്റാത്ത കേസുകളിൽ പബ്ലിക് നോട്ടീസ് പ്രദർശിപ്പിച്ച് നടപടി തുടരാനും ജന്മിമാർ contest ചെയ്യാത്ത കേസുകളിൽ എക്സ് പാർട്ടി ആയി വിധി പ്രസ്താവിക്കാനും നിലവിൽ കഴിയുന്നുണ്ട്.

6.കേരളത്തിലുണ്ടായിരുന്ന 300 ഓളം ലാൻഡ് ട്രൈബ്യൂണലുകളിലെ കേസ് റിക്കാർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി, ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ് മോഡണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചിട്ടുണ്ട്.

7.ജില്ലകളിൽ ഒന്നാം ഘട്ട ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയായാൽ ജനങ്ങൾക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയ പകർപ്പുകൾ വെബ്സൈറ്റിലൂടെ ലഭ്യമാകും.

8.കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ